3. യെല്ലോ ഫുഡ്സ് ലിമിറ്റഡ്, തൃശ്ശൂർ ജില്ല. (സെപ്റ്റംബർ 2004-ൽ പൂർത്തിയാക്കി)

4. സോളാർ ഓഫ്സെറ്റ് പ്രൈ. ലി. (ഇ. ആർ. എസ്.), എറണാകുളം ജില്ല (31-8-2004-ൽ പൂർത്തിയാക്കി)

5. ഡയമണ്ട്റോളർ ഫ്ളോർ മിൽസ് പ്രൈ.ലി. (എക്സ്പോ/മോഡി), കോട്ടയം ജില്ല. (8-10-2004-ൽ പൂർത്തിയാക്കി)

കിൻഫ്ര ഈ വർഷം പൂർത്തീകരിച്ച പദ്ധതികൾ താഴെ പറയുന്നവയാണ്:

1. കാസർഗോഡ് ജില്ലയിലെ സീതാംഗോലിയിൽ 190 ഏക്കർ ഭൂമിയിലുള്ള ചെറുകിട വ്യവസായ പാർക്ക്. (7-3-2005-ൽ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കി)

2. തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിൽ 30 ഏക്കർ ഭൂമിയിലുള്ള ചെറുകിട വ്യവസായ പാർക്ക്. (22-10-2004-ൽ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കി)

(ബി) കെ. എസ്. ഐ. ഡി. സി.യുടെ പദ്ധതികളിലെ ആകെ നിക്ഷേപം 984 ലക്ഷം രൂപയാണ്.

കിൻഫ്രയുടെ പാർക്കുകൾക്കായി ചെലവാക്കിയ തുക 11.56 കോടി രൂപയാണ്.

(സി) കെ. എസ്. ഐ. ഡി. സി.യുടെ പ്രോജക്ടുകളിൽ ആകെ 211 പേർക്ക് തൊഴിൽ ലഭിക്കും.

കിൻഫ്രയുടെ രണ്ടു പാർക്കുകളിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളിലെല്ലാം കൂടി 81 പേർ തൊഴിൽ ചെയ്യുന്നുണ്ട്. കൂടാതെ വ്യവസായം തുടങ്ങാൻ പ്രാരംഭ നടപടികൾ ആരംഭിച്ച യൂണിറ്റുകളിലെല്ലാം കൂടി വരും വർഷം ഏകദേശം 1600 പേർക്ക് തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കെ. എം. എം. എൽ., മലബാർ സിമന്റ്സ്, ട്രാവൻകൂർ സിമന്റ്സ് തുടങ്ങിയ സ്ഥാപനങ്ങളിലെ നിയമനങ്ങൾ

10 [3448] *ശ്രീ. വി. ചെന്താമരാക്ഷൻ:*
,, *സാജുപോൾ:*
,, *കെ. പി. സതീശ്ചന്ദ്രൻ:*
ഡോ. തോമസ് ഐസക്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാഭത്തിൽ പ്രവർത്തിക്കുന്ന കെ. എം. എം. എൽ., മലബാർ സിമന്റ്സ്, ട്രാവൻകൂർ സിമന്റ്സ് തുടങ്ങിയ സ്ഥാപനങ്ങളിലെ നിയമനങ്ങളും മറ്റ് ഇടപാടുകളുമായി ബന്ധപ്പെട്ട് ചില ക്രമക്കേടുകൾ നടക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനകം എന്തെല്ലാം പരാതികളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്;

(സി) ഏതെല്ലാം സ്ഥാപനങ്ങളെ സംബന്ധിച്ച് ഏതെല്ലാം പരാതികളിന്മേൽ അന്വേഷണം നടത്തുകയുണ്ടായി;

(ഡി) സർക്കാർ നടത്തിയ അന്വേഷണങ്ങളെത്തുടർന്ന് ഏതെല്ലാം സ്ഥാപനങ്ങളിലെ ആർക്കെല്ലാം എതിരെ ശിക്ഷണനടപടികൾ സ്വീകരിക്കുകയുണ്ടായി?

ഉത്തരം

(എ) & (ബി) കെ. എം. എം. എൽ.-ൽ 760 കോടി രൂപ ചെലവാക്കി നടപ്പാക്കുന്ന ഓക്സിജൻ പ്ലാന്റ്, ഡീസാലിനേഷൻ പ്ലാന്റ്, കെ. എം. എം. എൽ.-എം.എസ്. യൂണിറ്റിന്റെ വികസനം മുതലായവയെ സംബന്ധിച്ച് അഴിമതിയാരോപിച്ച് കമ്പനിയിലെ തൊഴിലാളികൾ പരാതി നൽകിയിട്ടുണ്ട്.

റിക്രൂട്ട്മെന്റ് നടപടിക്രമങ്ങൾ അനുസരിച്ച് 1995-ൽ ട്രെയിനികളായി നിയമനം നൽകിയ 70 പേരെ സർവീസിൽ സ്ഥിരപ്പെടുത്തുമെന്നത് സംബന്ധിച്ച് ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിലെ യൂണിയൻ പ്രതിനിധികൾ സർക്കാരിൽ പരാതി നൽകിയിട്ടുണ്ട്. കൂടാതെ 2004-ഏപ്രിൽ മാസത്തിൽ കമ്പനിയുടെ ക്യാഷ് വിഭാഗത്തിൽ നടത്തിയ പരിശോധനയിൽ ഏകദേശം 16 ലക്ഷം രൂപയുടെ തിരിമറി കണ്ടെത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്ത് ആഭ്യന്തര അന്വേഷണം നടത്തിവരുകയും ചെയ്യുന്നു. വിജിലൻസ് ഡിപ്പാർട്ട്മെന്റിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇക്കാര്യം അന്വേഷിക്കുന്നുണ്ട്.

മലബാർ സിമന്റ്സിലെ റിസപ്ഷനിസ്റ്റ്-കം-ടെലിഫോൺ ഓപ്പറേറ്ററുടെ നിയമനം, പ്രമോഷനുകളും നിയമനങ്ങളും സംബന്ധിച്ച പരാതി, ചേർത്തല യൂണിറ്റിൽ കരാർ ജോലി നൽകിയതു സംബന്ധിച്ച പരാതി, കരാർ തൊഴിലാളികളുടെ നിയമനം, ഡെപ്യൂട്ടേഷൻ എന്നിവ സംബന്ധിച്ച് പരാതികളും ലഭിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പരാതികളിലൊക്കെ സർക്കാർ നടപടികൾ എടുത്തുവരുന്നു.

(സി) & (ഡി) സർക്കാർ റിപ്പോർട്ടുകൾ വരുത്തി പരാതികൾ പരിശോധിച്ചിട്ടുണ്ട്. പണം തിരിമറി നടത്തിയതു സംബന്ധിച്ച് ട്രാവൻകൂർ സിമന്റ്സിൽ കമ്പനി തന്നെ നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ മൂന്ന് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

പവർലൂം വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

11 [3449] *ശ്രീ കോടിയേരി ബാലകൃഷ്ണൻ*: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പവർലൂം വ്യവസായ രംഗത്ത് പുതിയ സംരംഭകർക്കുള്ള സാദ്ധ്യതാ പഠനം വ്യവസായ വകുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly